**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **31-08-2022 - ൽ മറുപടിയ്ക്ക്**

**മലയാളം സർവ്വകലാശാലയിൽ അറബി-മലയാള ഗവേഷണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2018 ഫെബ്രുവരി മുതൽ 2022 ജൂലൈ വരെയുള്ള ഏതൊക്കെ തിയതികളിലാണ് മലയാളം സർവ്വകലാശാലയുടെ നിർവാഹക സമിതി, പൊതുസഭ, അക്കാദമിക് കൗൺസിൽ എന്നിവ യോഗം ചേർന്നിട്ടുള്ളത്; പ്രസ്തുത യോഗങ്ങളുടെ മിനുറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 2018 ഫെബ്രുവരി മുതൽ 2022 ജൂലൈ വരെയുള്ള മലയാളം സർവ്വകലാശാലയുടെ നിർവാഹക സമിതി, പൊതുസഭ, അക്കാദമിക് കൗൺസിൽ എന്നിവ യോഗം ചേർന്നതിന്റെ തീയതികൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.<br>മിനിറ്റ്സുകളുടെ പകർപ്പ് ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയിൽ അറബി-മലയാള ഗവേഷണത്തിനായി പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും ഇതുവരെ നടപ്പാക്കിയ പദ്ധതികളും വിവരിക്കാമോ; | (ബി) | സർവ്വകലാശാലയിൽ അറബി - മലയാള ഗവേഷണത്തിനായി പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സർവ്വകലാശാലയുടെ പുതിയ കാമ്പസിന്റെ നിർമാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (സി) | സർവ്വകലാശാലയുടെ പുതിയ കാമ്പസിന്റെ നിർമാണത്തിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത സർവ്വകലാശാലയിലെ അനദ്ധ്യാപക സ്ഥിര നിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ആയത് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ; | (ഡി) | സർവ്വകലാശാലയിലെ അനദ്ധ്യാപക സ്ഥിര നിയമനവുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | വിരമിച്ച അറുപത് വയസ് കഴിഞ്ഞവരെ അനദ്ധ്യാപകരായി നിയമിച്ച് സർവീസിൽ തുടരാൻ അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്; ഇവർ പെൻഷന് പുറമെ പറ്റുന്ന ശമ്പളം അടക്കമുള്ള സാമ്പത്തിക ആനുകൂല്യത്തിന്റെ കണക്ക് ലഭ്യമാക്കുമോ? | (ഇ) | വിരമിച്ച അറുപതു വയസ്സ കഴിഞ്ഞ ആർക്കും തന്നെ മലയാളസർവ്വകലാശാലയിൽ അനദ്ധ്യാപകരായി പുനർനിയമനം നൽകി സർവ്വകലാശാലാ സർവീസിൽ തുടരാൻ അനുവദിക്കുന്നില്ല. എന്നാൽ സർക്കാർ/ സർവകലാശാലാ സർവീസിൽ നിന്നും വിരമിച്ച ഏതാനും ഉദ്യോഗസ്ഥർക്ക് അവരുടെ പരിചയസമ്പത്ത് മുൻനിർത്തി കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.<br>കോൺട്രാക്ട് അടിസ്ഥാനത്തിൽ, ജോലി ചെയ്യുന്ന സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ചവർക്ക് 35,000/- |

| | | | |
|---|---|---|---|
| | | | രൂപയും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ചവർക്ക് 30,000/- രൂപയും സെക്ഷൻ ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ചവർക്ക് 28,000/- രൂപയും പ്രതിമാസ വേതനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

USQ. 1745

## അനുബന്ധം

എ) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിർവാഹകസമിതി, പൊതുസഭ, അക്കാദമിക് കൗൺസിൽ എന്നിവ ചേർന്നതിന്റെ തീയതികൾ താഴെ പറയും പ്രകാരമാണ്.

**പൊതുസഭ**

പൊതുസഭ 05.09.2018 ന് പുനഃസംഘടിപ്പിച്ചു.

19-ാമത് യോഗം - 2018 സെപ്റ്റംബർ 17

20-ാമത് യോഗം - 2019 മാർച്ച് 16

21-ാമത് യോഗം - 2019 ഡിസംബർ 28

22-ാമത് യോഗം - 2020 മാർച്ച് 21

23-ാമത് യോഗം - 2021 മാർച്ച് 03

24-ാമത് യോഗം - 2021 മാർച്ച് 29

25-ാമത് യോഗം - 2021 ജൂലൈ 30

26-ാമത് യോഗം - 2022 മാർച്ച് 31

27-ാമത് യോഗം - 2022 ആഗസ്റ്റ് 05

**അക്കാദമിക് കൗൺസിൽ**

17-ാമത് യോഗം - 2018 മെയ് 16

18-ാമത് യോഗം - 2018 ജൂലൈ 19

19-ാമത് യോഗം - 2018 ആഗസ്റ്റ് 10

20-ാമത് യോഗം - 2018 നവംബർ 09

21-ാമത് യോഗം - 2019 മെയ് 14

22-ാമത് യോഗം - 2019 സെപ്റ്റംബർ 24

23-ാമത് യോഗം - 2020 മാർച്ച് 16

24-ാമത് യോഗം - 2021 ഫെബ്രുവരി 16

25-ാമത് യോഗം - 2022 മാർച്ച് 07



(Contd.... 2/) →

നിർവാഹകസമിതി

നിർവാഹകസമിതി 04.01.2019 ന് പുനഃസംഘടിപ്പിച്ചു.

38-ാമത് യോഗം - 2018 ഫെബ്രുവരി 22

39-ാമത് യോഗം - 2019 ജനുവരി 18

40-ാമത് യോഗം - 2019 ഫെബ്രുവരി 11

41-ാമത് യോഗം - 2019 മാർച്ച് 13

42-ാമത് യോഗം - 2019 സെപ്റ്റംബർ 27

43-ാമത് യോഗം - 2019 ഡിസംബർ 28

44-ാമത് യോഗം - 2020 മാർച്ച് 21

45-ാമത് യോഗം - 2020 ആഗസ്റ്റ് 25

46-ാമത് യോഗം - 2020 ഒക്ടോബർ 13

47-ാമത് യോഗം - 2020 നവംബർ 13

48-ാമത് യോഗം - 2021 ഫെബ്രുവരി 17

49-ാമത് യോഗം - 2021 മാർച്ച് 29

50-ാമത് യോഗം - 2021 ജൂൺ 01

51-ാമത് യോഗം - 2021 ജൂലൈ 27

52-ാമത് യോഗം - 2021 സെപ്റ്റംബർ 03

53-ാമത് യോഗം - 2022 മാർച്ച് 08

54-ാമത് യോഗം - 2022 മാർച്ച് 31

55-ാമത് യോഗം - 2022 മെയ് 28

56-ാമത് യോഗം - 2022 ജൂലൈ 29

Sreelekha

സെക്ഷൻ ഓഫീസർ